**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പെൻഷനേഴ്സ് ഇൻഫോർമേഷൻ സിസ്റ്റം - PRISM – പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.120/2019/ധന. തീയതി, തിരുവനന്തപുരം, 30.08.2019**

---

പരാമർശം:- 1. സ.ഉ (പി) നം.421/2014/ധന. തീയതി, 25.09.2014.
2. സ.ഉ (പി) നം.49/2017/ധന. തീയതി, 21.04.2017.
3. സ.ഉ (പി) നം.98/2018/ധന. തീയതി, 26.06.2018.
4. സർക്കുലർ നം.119/2018/ധന. തീയതി, 20.12.2018.
5. സർക്കുലർ നം.16/2019/ധന. തീയതി, 25.02.2019.
6. സ.ഉ (പി)നം 55/2019/ ധന. തീയതി, 04.05.2019.

**ഉത്തരവ്**

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സൂചന 1 പ്രകാരം സർക്കാർ പ്രിസം (PRISM – Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും വിവിധ വകുപ്പുകളിലായി പ്രസ്തുത സോഫ്റ്റ് വെയർ ഇതിനോടകം നടപ്പാക്കിയിട്ടുള്ളതുമാണ്. പ്രിസം സോഫ്റ്റ് വെയറിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനായും പെൻഷൻ അനുവദിക്കുന്നത് ത്വരിത ഗതിയിലാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പെൻഷൻ അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിനു പ്രിസം മുഖേന പെൻഷൻ പ്രൊപ്പോസൽ അയയ്ക്കുന്നതോടൊപ്പം പെൻഷണറുടെ സേവനപുസ്തകം, സർവ്വീസ് സർട്ടിഫിക്കറ്റ് (Contingency service Certificate / NMR / Work establishment / Aided school, Aided college / Bar Service / Port service / Military service / Hereditary service / Other kinds of services if any), പരാമർശം 6 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കാൻ പെൻഷൻ സാൻഷനിങ് അതോറിറ്റി / വകുപ്പ് തലവൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രിസം മുഖേന സമർപ്പിക്കുന്ന പെൻഷൻ പ്രൊപ്പോസലിനോടൊപ്പം പരാമർശം 2 ഉത്തരവ് പ്രകാരം ഫിസിക്കൽ ആയി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുവാൻ ആവശ്യപ്പെട്ട ഇ-പെൻഷൻ ബുക്കിന്റെ പകർപ്പ് 01.09.2019 മുതൽ നൽകേണ്ടതില്ല എന്നുത്തരവാകുന്നു.
3. e-പെൻഷൻ പ്രൊപ്പോസലിനോടൊപ്പം Descriptive Roll and Identification Particulars ന്റെ ഫിസിക്കൽ പകർപ്പ് അക്കൗണ്ടന്റ് ജനറലിനു നൽകേണ്ടതില്ല. പ്രസ്തുത രേഖകളുടെ രണ്ടു സെറ്റ് പകർപ്പ് പെൻഷൻ സാൻഷനിങ് അതോറിറ്റി / വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തി അവസാന ശമ്പള സർട്ടിഫിക്കറ്റിനൊപ്പം (LPC) ബന്ധപ്പെട്ട ട്രഷറിക്ക് നൽകേണ്ടതാണ്.
4. ഇനി മുതൽ പെൻഷൻ പേയ്മെന്റ് ഓർഡർ, ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡർ, കമ്മ്യൂട്ടേഷൻ പേയ്മെന്റ് ഓർഡർ (PPO, GPO, CPO) എന്നിവയുടെ ഫിസിക്കൽ പകർപ്പ് (physical copy) അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിക്കുന്നതല്ല. പെൻഷൻ അനുവദിക്കുന്ന മുറയ്ക്ക് പെൻഷണർക്കു പ്രിസം സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കു അക്കൗണ്ടന്റ് ജനറലിൽ നിന്നും എസ്.എം.എസ് ലഭിക്കുന്നതാണ്. മെസ്സേജിന്റെ പകർപ്പ് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്കും ലഭിക്കുന്നതാണ്.
5. എസ്.എം.എസ് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷണർ തിരിച്ചറിയൽ കാർഡുമായി (ആധാർ കാർഡ് / പാൻ കാർഡ് / ഇലക്ഷൻ ഐ.ഡി കാർഡ്) ബന്ധപ്പെട്ട ട്രഷറിയെ സമീപിക്കേണ്ടതാണ്.
6. ആദ്യ പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നിവ അനുവദിച്ചശേഷം ട്രഷറിയിൽനിന്നും വൗച്ചറുകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതില്ല.
7. പെൻഷൻ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി 'ksemp.agker.cag.gov.in' എന്ന വെബ്സൈറ്റിൽ നിന്നും പരിശോധിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പു തലവന്മാർക്കും.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**